**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5680** **24.05.2017**- ൽ മറുപടിയ്ക്ക്

# സാമൂഹ്യനീതി വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി.) |

| | | | |
| --- | --- | --- | --- |
| (എ) | സാമൂഹ്യ നീതി വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾ ഏതൊക്കെയാണ്; | (എ) | 1) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠിക്കാൻ കഴിയാത്ത എന്നാൽ ഓപ്പൺ സ്കൂൾ/കോളേജ് വഴി രജിസ്റ്റർ ചെയ്ത് പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രതിവർഷം പരമാവധി 10,000/-രൂപ നൽകുന്ന പദ്ധതി.<br>2) ഓട്ടിസം, മാനസിക വൈകല്യം, ബുദ്ധിവൈകല്യം എന്നിവ ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുന്ന പദ്ധതി.<br>3) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ക്രിത്രിമ പല്ല് വച്ചു നൽകുന്ന 'മന്ദഹാസം' പദ്ധതി.<br>4) 2016-17 സാമ്പത്തിക വർഷത്തിൽ |

| | | | |
|---|---|---|---|
| | | | MGNREGS ICDS -ഉമായി ചേർന്ന 1000 അങ്കണവാടികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| | | | 5) ട്രാൻസ്ജെന്റർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി. |
| | | | 6) കാഴ്ചവൈകല്യമുള്ള യുവതീ യുവാക്കൾക്ക് ടാബ് ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി. |
| | | | 7) ഭിന്നശേഷിക്കാർക്ക് 25,000/-രൂപ വരെ ജാമ്യമില്ലാത്ത വായ്പ നൽകുന്ന പദ്ധതി. |
| | | | 8) നാല് ജില്ലകളിൽ വികലാംഗകോർപ്പറേഷന്റെ പുതിയ ജില്ല/റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| | | | 9) കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റിന് 3 കോടിയുടെ നവീകരണ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| | | | 10) ഭിന്നശേഷിക്കാരുടെ അംഗപരിമിതിയുടെ തീവ്രത ലഘൂകരിക്കുന്നതിനും പുനരധിവാസം നടപ്പാക്കുന്നതിനും ലക്ഷ്യമാക്കി അനുയാത്ര എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയിലൂടെ |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നത്. ഈ പദ്ധതിപ്രകാരം അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ, സ്പെഷ്യൽ അംഗൻവാടികൾ, കാതോരം പ്രോജക്ട് ഓട്ടിസം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>11) കേരളത്തിലെ വനിതകൾക്ക് 181 എന്ന ഏക ടോൾഫ്രീ നമ്പരിലൂടെ എല്ലാ മേഖലകളിലെയും വിവരാന്വേഷണവും അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടി, ഇരുപത്തിനാല് മണിക്കൂറും സേവനം ലഭ്യമാക്കുന്ന എമർജൻസി ഹെൽപ്പ് ലൈൻ (മിത്ര 181) ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സ്ത്രീകൾക്ക് ഏത് അത്യാവശ്യ ഘട്ടത്തിലും സഹായം അഭ്യർത്ഥിക്കാനും നിമിഷങ്ങൾക്കുള്ളിൽ പരിഹാരം കാണാനും ഇതിലൂടെ സൗകര്യം ലഭിക്കും. ഇതിലൂടെ സ്ഥലത്തെ പ്രധാന ആശുപത്രി, പോലീസ് സ്റ്റേഷൻ, ആംബുലൻസ് |

| | | | |
|---|---|---|---|
| | | | സർവ്വീസ് എന്നിവയുടെ സേവനങ്ങൾ ദ്രുതഗതിയിൽ ലഭ്യമാകുന്നതാണ്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഏതെങ്കിലും പദ്ധതികളുടെ പേര് ഈ സർക്കാർ വന്ന ശേഷം മാറ്റിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | സ്ത്രീധന നിരോധന പ്രചരണ ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കുവാൻ സാമൂഹ്യനീതി വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും ഏജൻസികളെ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് 2017-18 സാമ്പത്തികവർഷത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീധന നിരോധന ഓഫീസർ മുഖാന്തിരം തിരഞ്ഞെടുക്കപ്പെട്ട കലാലയങ്ങളിൽ പഞ്ചായത്ത്/ ബ്ലോക്കുകളിലെ സന്നദ്ധ സംഘടനാ ഭാരവാഹികൾ, സാമൂഹ്യ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, റസിഡൻസ് അസ്സോസ്സിയേഷൻ പ്രവർത്തകർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് സ്ത്രീധനനിരോധനം സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും സ്ത്രീധന നിരോധന പ്രചാരണ പദ്ധതികൾക്കായി പോസ്റ്ററുകൾ, സ്റ്റിക്കറുകൾ എന്നിവ പൊതുജന മദ്ധ്യത്തിൽ പതിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**